# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1611** — **01.11.2019 ൽ മറുപടിയ്ക്ക്**

## വാർഷിക പച്ചക്കറി ഉല്പാദനം

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് വർഷത്തിൽ ശരാശരി എത്ര ടൺ പച്ചക്കറി ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. |
| ബി) പച്ചക്കറിയുടെ ശരാശരി ആഭ്യന്തര ഉല്പാദനം വർഷത്തിൽ എത്ര ടൺ ആണെന്ന് വെളിപ്പെടുത്താമോ; | ബി) 2015-16- ൽ പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2018-19- ൽ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20- ൽ 15 ലക്ഷം മെട്രിക് ടൺ ആണ് പ്രതീക്ഷിക്കുന്നത്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.<br>• ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം<br>• മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും<br>• സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>• ജില്ലാ ക്ലസ്റ്റർ വികസനം<br>• ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം<br>• ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം |

- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- മഴമറ നിർമ്മാണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

**സെക്ഷൻ ഓഫീസർ**